I-A1(A)

D2BML1801 (A1) (S4) (2 Pages) Reg. No:.....................

Name: ........................

**SECOND SEMESTER BA/B.Sc. DEGREE EXAMINATION APRIL 2023**

**(Supplementary 2018 Admission)**

**COMMON COURSE IN MALAYALAM**

**AMAL2A04T: മലയാള സാഹിത്യം 2**

**Time: Three Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

**ഒരോന്നിനും ½ മാർക്ക് വീതം.**

1. 'ഇവനെക്കൂടി' എന്ന കവിത എഴുതിയതാര് ?
2. 'ആശാന്റെ സീതാകാവ്യം' എഴുതിയതാര് ?
3. ആരെക്കുറിച്ച് കവിത എഴുതാൻ കഴിയാതെ പോയതിനാലാണ് ചങ്ങമ്പുഴ ദുഃഖം പ്രകടിപ്പിച്ചത് ?
4. 'പട്ടുപാവാട' എന്ന കവിത എഴുതിയതാര് ?
5. ജ്ഞാനപീഠം പുരസ്കാരം ലഭിച്ച ആദ്യ മലയാളസാഹിത്യകാരൻ ആര് ?
6. 'കന്നിക്കൊയ്ത്ത്' എഴുതിയതാര് ?
7. പുനർജനി ഗുഹ എവിടെയാണ് ?
8. ഇവനെക്കൂടി സ്വീകരിക്കുക ഹേമന്തത്താൽ

   മെലിഞ്ഞ കുളിർ നീരിൻ കൈകളാൽ നിളാനദീ!- ആരെ സ്വീകരിക്കാനാണ് കവി പറയുന്നത് ?
9. 'താരകളെ കാൺമിതോ നിങ്ങൾ

   താഴെയുള്ളൊരീ പ്രേതകടീരം?'- എം. കെ. സാനു ഈ വരികൾ എവിടെയാണ് കണ്ടത് ?
10. 'കവി ഒരു മനോരാജ്യക്കാരനാണ് അയാൾ പണി എടുക്കാറില്ല. മറ്റുള്ളവരെ

    കർമ്മോൻമുഖരാക്കാറേയുള്ളൂ'- ആരുടെ വാക്കുകളാണിത് ?

**(10 × ½ = 5 മാർക്ക്)**

**ഭാഗം II: 11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും രണ്ടോ മൂന്നോ വാക്യത്തിൽ**

**ഉത്തരമെഴുതുക. ഒരോന്നിനും 2 മാർക്ക് വീതം..**

11. മുനി ചെയ്ത മനോജ്ഞ കാവ്യമ -

    മ്മനുവംശാധിപനിന്നു കേട്ടടൻ - ഏതാണ് കാവ്യം?
12. മഹാശ്വേതാ ദേവി - കുറിപ്പെഴുതുക.
13. ജീവചരിത്രം - കുറിപ്പെഴുതുക.
14. ഉളിയന്നൂർ അമ്പലത്തിലെ തമ്പക്കം മുറിച്ചാൽ എന്തിനെല്ലാം ഉപയോഗിക്കാം എന്നാണ്

    പെരുന്തച്ചൻ പറയുന്നത് ?
15. 'അരുതേ ഹേമലതേ പോകല്ലേ!'- സന്ദർഭം എഴുതുക.

**(5 × 2 = 10 മാർക്ക്)**

(തുടർച്ച... 2)

**ഭാഗം III: 16 മുതൽ 22 വരെയുള്ള 5 ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഒരോന്നിനും 5 മാർക്ക് വീതം.**

16. പൂരങ്ങൾ നിന്നിൽ വിഷം
    ഉപ്പന്ന; പരണന്റെ
    ചുരപ്പന്നയും പ്ലാശും
    പയ്യിയും തളരുന്ന - സന്ദർഭം വിശദീകരിക്കുക.
17. 'നിങ്ങൾക്കും വാഴാമിങ്ങുമകളോടൊപ്പം കൊച്ചു കുഞ്ഞുമായ്, തെരുവിലേക്കവളെയിറക്കല്ലേ!' - സന്ദർഭം എഴുതി വിശദമാക്കുക.
18. ചിറകറ്റ പക്ഷിക്ക് ചിറകുമായി
    നീയിനി പിറകേ വരൊല്ലേ വരൊല്ലേ - ആശയം വിവരിക്കുക.
19. അറിയില്ലൊരു പക്ഷേ
    പന്തലിൽ പലേപടി
    മറിയും കലവാഴ
    യ്ക്കറിയാം പരമാർത്ഥം - വിവരിക്കുക
20. നിലയെന്നിയെ ദേവിയാൾക്കുക -
    ത്തലതല്ലുന്നൊരു ചിന്തയാം കടൽ
    പലഭാവമണച്ച മെല്ലെ നിർ -
    മ്മലമാം ചാരു കവിൾതടത്തിൽ - വ്യാഖ്യാനിക്കുക.
21. പഞ്ചഭൂതാദിയുക്തമായ തന്റെ ശരീരം ഏതിലെല്ലാം അലിഞ്ഞു ചേരണം എന്നായിരുന്നു ചങ്ങമ്പുഴയുടെ അഭിലാഷം?
22. ജീവിതത്തിന്റെ എല്ലാം മേഖലകളെയും സ്പർശിച്ചുകൊണ്ട് നിൽക്കുന്ന സമഗ്രതയെ ഉൾക്കൊള്ളുന്ന ബൃഹത് മേഖലയാണ് പരിസ്ഥിതിക കലയുടേത് - വിശദമാക്കുക.

**(5 x 5 = 25 മാർക്ക്)**

**ഭാഗം IV: 23 മുതൽ 28 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.**

23. സ്ത്രീ സ്വാതന്ത്ര്യ ചിന്തയുടെ ഉദാത്ത മാതൃകയാണ് സീത - ചിന്താവിഷ്ടയായ സീതയെ മുൻനിർത്തി വിശദീകരിക്കുക.
24. പടിപടിയായി വികസിക്കുന്ന പ്രാകൃത ചോദനകൾ സഹ്യന്റെ മകനിൽ ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെയാണ് ?
25. 'പകലുകൾ രാത്രികൾ' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
26. ഹാസ്യത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള വ്യത്യസ്തമായ വാദമുഖങ്ങൾ ഏതൊക്കെയാണെന്ന് 'ഹാസ്യത്തിന്റെ ഉല്പത്തി' എന്ന ലേഖനത്തെ മുൻനിർത്തി വിശദീകരിക്കുക.
27. ചങ്ങമ്പുഴ എന്ന കവിയെ എംകെ സാനു അടയാളപ്പെടുത്തിയിരിക്കുന്നത് എങ്ങനെയാണ് ?
28. വി. രാജകൃഷ്ണന്റെ മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ എന്ന ലേഖനം സമകാലീന സമൂഹത്തോട് സംവദിക്കുന്നതെല്ലാമാണ് ?

**(4 x 10 = 40 മാർക്ക്)**